**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5533** **15-03-2023 - ൽ മറുപടിയ്ക്ക്**

**ആയമ്പാറയിലെ ലൈവ്സ്റ്റോക്ക് ഫാം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ പുല്ലൂർ-പെരിയ പഞ്ചായത്തിലെ ആയമ്പാറയിൽ സ്പെഷ്യൽ കോമ്പോണന്റ് പ്ലാൻ പ്രകാരം 1996-97-ൽ ലൈവ്സ്റ്റോക്ക് ഫാം തുടങ്ങുന്നതിന് തീരുമാനിച്ചിരുന്നോ; വിശദമാക്കുമോ; | (എ) | തീരുമാനിച്ചിരുന്നു. കാസർഗോഡ് ജില്ലയിൽ പുല്ലൂർ പെരിയ ഗ്രാമ പഞ്ചായത്തിലെ ആയമ്പാറയിൽ സ്പെഷ്യൽ കൊമ്പോണന്റ് പ്ലാൻ പദ്ധതി പ്രകാരം 1996-97-ൽ എസ്.സി കോളനിയിൽ ലൈവ് സ്റ്റോക്ക് ഫാം ആരംഭിക്കുന്നതിനായി ജില്ലാ കളക്ടറുടെ 11-02-1997-ലെ 605/96.ഡി.പി.ഒ നമ്പർ പ്രകാരം ഉത്തരവാകുകയും, കോളനി നിവാസികളെ ഉൾപ്പെടുത്തി, സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത, "ശ്രീ വിഷ്ണു പശു വളർത്തൽ യൂണിറ്റ്" മുഖാന്തിരം നടപ്പിലാക്കുകയും ചെയ്തിരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയ്ക്കായി സ്ഥലം ലഭ്യമാക്കിയിട്ടുള്ളത് ആരാണെന്ന് വ്യക്തമാക്കുമോ; ഈ പദ്ധതി യാഥാർത്ഥ്യമാക്കാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ; | (ബി) | പ്രസ്തുത പദ്ധതിയ്ക്കായി ഫാം തുടങ്ങുന്നതിന് ശ്രീ. കൃഷ്ണൻ.എച്ച്, S/oചളുങ്കൻ, ആയമ്പാറ, ബന്തർ എന്നയാൾ പെരിയ വില്ലേജിലെ ടിയാന്റെ 50 സെന്റ് സ്ഥലം സ്വന്തം ഇഷ്ടപ്രകാരം കൈമാറി നല്കിയിരുന്നു. പ്രസ്തുത ഫാം തുടങ്ങിയെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ ഫാമിന്റെ പ്രവർത്തനം നിലച്ചു പോകുകയുണ്ടായി. |
| (സി) | പ്രസ്തുത പദ്ധതി ഉപേക്ഷിച്ചെങ്കിൽ സ്ഥലം ഉടമസ്ഥന് തിരികെ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ? | (സി) | പ്രസ്തുത സ്ഥലം ഉടമസ്ഥന് തിരികെ ലഭ്യമാക്കുന്നതിലേയ്ക്കായി കളക്ടറുടെ പരാതി പരിഹാര അദാലത്തിൽ പരാതിപ്പെട്ടിരുന്നുവെങ്കിലും, KERALA LAND RELINQUISHMENT ACT, 1958 പ്രകാരം ഭൂമിയുടെ അവകാശം സർക്കാരിൽ നിക്ഷിപ്തമായതിനാൽ, ശ്രീ. കൃഷ്ണൻ.എച്ച്-ന്റെ പരാതി പരിഹരിക്കുവാൻ സാധിക്കുന്നതല്ലെന്നറിയിച്ചുകൊണ്ട് മൃഗസംരക്ഷണ ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ